പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള ചെറുകിട ജലസേചന പദ്ധതികൾ

.179 (844) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി പണിത അക്വഡക്ടുകളിൽ പലതും അപായകരമായ രീതിയിൽ പൊളിഞ്ഞുവീഴാറായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവയുടെ അറ്റകുറ്റപ്പണിനടത്തി ജലസേചന സൗകര്യം ഒരുക്കാൻ പദ്ധതി ആവിഷ്കരിക്കുമോ ;

(ബി) ചെറുകിടജലസേചന പദ്ധതികളിൽ പലതും കാലപ്പഴക്കം കൊണ്ട് പ്രവർത്തനരഹിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കണ്ണൂർ ജില്ലയിൽ പ്രവർത്തനക്ഷമമായ എത്ര ചെറുകിട ജലസേചന പദ്ധതികൾ ഉണ്ട് ; പ്രവർത്തനം നിലച്ചവയെത്ര ; അവയുടെ പുനർനിർമ്മാണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്വാഡക്ടുകൾ പരിശോധിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ചെറുകിട ജലസേചന പദ്ധതികളിൽ പലതും കാലപ്പഴക്കം കൊണ്ട് പ്രവർത്തനരഹിതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ക്ലാസ്സ്-I-ൽപ്പെട്ട 23 ചെറുകിട ജലസേചന പദ്ധതികൾ ഉണ്ട്. അവയിൽ 6 എണ്ണം പ്രവർത്തനം നിലച്ചവയാണ്. പഞ്ചായത്തിൽനിന്നുള്ള പ്രമേയം ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

പഴശ്ശി ഇറിഗേഷൻ പ്രോജക്ടിനോടനുബന്ധിച്ചുള്ള ജീവനക്കാരുടെ ക്വാർട്ടേഴ്സ്

180 (845) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴശ്ശി ഇറിഗേഷൻ പ്രോജക്ടിനോടനുബന്ധിച്ചുള്ള ജീവനക്കാരുടെ ക്വാർട്ടേഴ്സ്, ഇറിഗേഷൻ വകുപ്പിലെ ഏതെല്ലാം ജീവനക്കാർക്കാണ് അനുവദിച്ചു നൽകിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആകെ എത്ര ക്വാർട്ടേഴ്സുകൾ ഉണ്ടെന്നും ഓരോ ക്വാർട്ടേഴ്സിലും താമസിക്കുന്നത് ആരെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) ഇറിഗേഷൻ വകുപ്പിലെ ജീവനക്കാരല്ലാത്ത ആരെല്ലാം പ്രസ്തുത ക്വാർട്ടേഴ്സിൽ താമസിക്കുന്നുണ്ടെന്നും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇവർക്ക് അനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇറിഗേഷൻ വകുപ്പിലെ ക്വാർട്ടേഴ്സ് അനുവദിച്ച് കിട്ടിയ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) പഴശ്ശി പദ്ധതിയുടെ കീഴിൽ ആകെ 200 ക്വാർട്ടേഴ്സുകളുണ്ട്. വിവരങ്ങൾ താഴെചേർക്കുന്നു :

കണ്ണൂർ	- 40
മട്ടന്നൂർ	- 53
തളിപ്പറമ്പ്	- 6
കൂടാളി	- 10
കുത്തുപറമ്പ്	- 17
വെളിയമ്പ്ര	- 74
ആകെ	200

ഓരോ ക്വാർട്ടേഴ്സിലും താമസിക്കുന്നവരുടെ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) ക്വാർട്ടേഴ്സിൽ താമസിക്കുന്ന ഇറിഗേഷൻ വകുപ്പിലെ ജീവനക്കാരല്ലാത്തവരുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

30-3-1973-ലെ ജി.ഒ.(എംഎസ്.) 22/ഡബ്ല്യൂ & പി/73 നമ്പർ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 19 പ്രകാരം ഇറിഗേഷൻ വകുപ്പ് ജീവനക്കാരല്ലാത്ത സർക്കാർ ജീവനക്കാർക്ക് ഇറിഗേഷൻ വകുപ്പ് ജീവനക്കാരുടെ അഭാവത്തിൽ മുൻഗണനാക്രമമനുസരിച്ച് ക്വാർട്ടേഴ്സ് അനുവദിച്ച് അനുമതി നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly